CUT MOTION No 19

Kandassankadavu – Karamuk Road

മിസ്റ്റർ കെ. എസ്സ്. പണിക്കർ: സർ, തൃശ്ശിവപേരൂർ താലൂക്കിൽ കയർവ്യവസായത്തിന്റെ ഏറ്റവും പ്രധാന കേന്ദ്രമായ കണ്ടശ്ശാങ്കടവ്, കാരമുക്ക് ഈ വില്ലേജുകളിൽ, കാരമുക്ക വില്ലേജിന്റെ വടക്കുഭാഗത്തു ചകിരി മൂടുന്ന ഒരു പ്രധാനസ്ഥലമുണ്ട്. അനവധി തൊഴിലാളികൾ ആ സ്ഥലത്തുപോകുന്നുണ്ട്. അവർക്കു വഴി നടക്കുവാൻ യാതൊരു നിവൃത്തിയുമില്ല. കണ്ടശ്ശാങ്കടവ്, കാരമുക്ക വില്ലേജുകളുടെ വടക്കെ അറ്റംവരെ പോകുന്നതിനു് ഇടക്കിടക്കു് ചെറിയ ചെറിയ വഴികളുണ്ട്. അവിടെ കുറെകൂടി സ്ഥലം അകപയർചെയ്താൽ ഒരു നല്ലവഴിയാക്കിത്തീർക്കാം. ലോറികൾ കൊണ്ടുപോകേണ്ട ആവശ്യമൊന്നുമില്ലാത്തതുകൊണ്ടു് ഈവഴിയുടെ കാര്യം പോസ്റ്റാഫീസ് സ്റ്റീമർ പെട്ടെന്നുണ്ടാകുമെന്നില്ല. ഇതിലേക്കു് അത്രയധികം ചിലവു വരുന്നതുമല്ല. സാധാരണയായി യുദ്ധാനന്തര സംവിധാന പദ്ധതിയുടെ കൂട്ടത്തിൽ എടുക്കാമെന്നാണു് വാഗ്ദാനം ചെയ്യാറു്. ഈ വഴിയുടെ കാര്യത്തിൽ അതിന്റെ ആവശ്യമില്ല. ഏതാനും സ്ഥലം വസ്തു ഉടമസ്ഥന്മാർ വില കൂടാതെതന്നെ ഗവൺമെണ്ടിലേക്കു കൊടുക്കുവാൻ സന്നദ്ധതയുള്ളവരും ഉണ്ടു്. ആ സ്ഥിതിക്കു് വളരെ പണം ചിലവുചെയ്തിട്ടു് സ്ഥലം അകപയർ ചെയ്യേണ്ടിവരികയില്ല. അതുകൊണ്ടു് ഗവൺമെണ്ടിനു് ഈ വഴിക്കു വേണ്ട സ്ഥലം അകപയർ ചെയ്യുന്നതിനു തടസ്സമില്ല. ദിവസംപ്രതി ആയിരം ആയിരത്തഞ്ഞൂറോളം ആളുകൾ ഗതാഗതം ചെയ്യുന്ന ഈ വഴിക്കുവേണ്ട സ്ഥലം അകപയർ ചെയ്തു ഈ വഴി ഉദ്ദേശിക്കുന്നതരണമെന്നാപേക്ഷിക്കുവാനാണു് ഞാൻ ഈ ബന്ധനോപക്ഷേപം കൊണ്ടു് ആവശ്യപ്പെടുന്നതു്. ഇതിനു് ഗവൺമെണ്ടു് മുൻപൻ ന്യായങ്ങൾ പറഞ്ഞു് ഒഴിയുകയില്ലെന്നു് എനിക്കു ബോദ്ധ്യമുണ്ടു്. ഗതാഗതസൌകര്യം വർദ്ധിപ്പിക്കേണ്ടതു് ആവശ്യമാണെന്നു ഗവൺമെണ്ടുതന്നെ സമ്മതിച്ചു് രിക്കുന്നു. അതുകൊണ്ടു് കഴിയുന്നത്ര വേഗത്തിൽ യുദ്ധാനന്തരസംവിധാന പദ്ധതിയിലേക്കൊന്നും നീട്ടിവെക്കേണ്ട ഒരു കാര്യമല്ല ഇതു് ഈ പണി കഴിച്ചുതരണമെന്നു ഞാൻ ഗവൺമെണ്ടിനെ ഉൽബോധിപ്പിച്ചുകൊണ്ടും ഈ നിയമസഭയുടെ സഹകരണം ഈ വിഷയത്തിലുണ്ടാകണമെന്നുള്ള അപേക്ഷയോടുകൂടിയും ഞാൻ ഇതിനെ ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു.

Mr. V. K. Aravindaksha Menon *(Chief Engineer):* There is at present a cartable panchayat road branching from the Kandassankadavu road from the east side of Kandassankadavu to Karamukku. The motion is in regard to the extension of the present road further up to the northern end of the village and for opening another new road. This question has not yet been brought before this House, Sir, and I shall look into this question and place it before the Road Board for their opinion and I shall act acccording to their advice in the matter.

Mr. K. S. Panickar *(Ezhauvas-Trichur):* With this assurance, I beg leave of the House to withdraw the motion.

Cut motion, by leave, withdrawn

CUT MOTION No. 20

Koratti—Pulikkakadavu Road

മിസ്റ്റർ സി. എസ്സ്. പണിക്കർ: മിസ്റ്റർ പ്രെയർമാൻ, ഏറ്റവും പരിമിതമായ ഒരു പ്രാദേശികാവശ്യത്തെ ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നുള്ളതാണു് ഈ ഉപക്ഷേപംകൊണ്ടു് ഞാൻ ഉദ്ദേശിക്കുന്നതു്. ആദ്യമായിട്ടാണു് ഈ വിഷയം ഗവൺമെണ്ടിന്റെ ശ്രദ്ധയിൽവരുന്നതെന്നു്, ഇതിനുമുമ്പു് അവതരിപ്പിച്ചതായ ഒരു ഉപക്ഷേപത്തെക്കുറിച്ചു ചീഫ് എഞ്ചിനീയർ അവർകൾ ഇവിടെ ഒരു മറുപടി പ്രസ്താവിക്കുകയുണ്ടായി. ആദ്യമായിട്ടാണു് ഈ ഉപക്ഷേപവും, ഈ വഴിയുടെ ആവശ്യകതയും ഇവിടെ വരുന്നതെന്നു് എനിക്കും ഏതാണ്ടു് തോന്നുന്നുണ്ടു്. ഇതു കേവലം പ്രാദേശികമായ ഒരു കാര്യമാണെങ്കിലും ഇതിന്റെ ഉപയോഗത്തെക്കുറിച്ചു് പറയുമ്പോൾ അതിപ്രാധാന്യമുള്ള ഒന്നാണെന്നു് മനസ്സിലാക്കുവാൻ സാധിക്കും. എറണാകുളം ഷോർണ്ണൂർ റോഡിൽ അഞ്ചൽ എന്ന സ്ഥലത്തുനിന്നു് ഇപ്പോൾ പടിഞ്ഞാറോട്ടു് ഒരു റോഡു പോകുന്നുണ്ടു്. അതു് കിഴക്കുംമുറി പഞ്ചായത്തിന്റെ വകയായി പഞ്ചായത്തിൽനിന്നും ഉണ്ടാക്കീട്ടുള്ള ഒരു വഴിയാണു്. അതു ചെന്നുചേ

LIBRARY ARCHIVES Kerala Legislative Assembly